# ഇങ്ങനെയുമുണ്ട് അരി, വില കിലോയ്ക്ക് 250 രൂപ

Mathrubhumi-05-03-2018-P-12

**കെ. രംഗനാഥ് കൃഷ്ണ**
**ചെങ്ങന്നൂർ**



ഷാജി പി. ശർമയും കെ.എ. മത്തായിയും പാടത്ത്

▸ ഒരുകിലോ അരിക്ക് എന്ത് വിലവരും..? വെൺമണിയിലെ കർഷകരായ ഷാജിയോടും മത്തായിയോടുമാണ് ചോദ്യമെങ്കിൽ പറയും -250 രൂപ.

ഗുജറാത്തിലെ തനത് നെല്ലിനമായ കൃഷ്ണകൗമോദിൻെറ അരിയാണിത്.

പുന്തല ഇടനീർ പാടശേഖരത്തിലെ ഒരേക്കറിലാണ് കൃഷി. കറുത്ത നിറത്തിൽ വിളഞ്ഞുനിൽക്കുന്ന ഈ നെൽച്ചെടികൾ ദൂരെനിന്ന് കണ്ടാൽ പാടം കരിഞ്ഞുകിടക്കുകയാണെന്നേ തോന്നൂ.

കൃഷ്ണകൗമോദിനുപുറമേ കേരളത്തിൻെറ തനത് ഇനങ്ങളായ കന്നുകുളമ്പൻ, രക്തശാലി എന്നിവയും ഇവർ കൃഷിചെയ്യുന്നു. കഴിഞ്ഞതവണ ഇരുവരുംചേർന്ന് തവളക്കണ്ണൻ എന്നയിനം നെല്ല് കൃഷിചെയ്തിരുന്നു. സാധാരണ നെല്ലിന് കിലോയ്ക്ക് 20 രൂപ മാത്രം വില വരുമ്പോൾ നാടൻ നെല്ലിനങ്ങൾക്ക് വില കൂടുതലാണ്.

വെൺമണി കൃഷി ഓഫീസർ വി. അനിൽകുമാർ, കൃഷി അസിസ്റ്റൻറ് റെനി തോമസ് എന്നിവർ നിർദേശങ്ങളുമായി ഇവർക്കൊപ്പമുണ്ട്.

## കൃഷിക്ക് കൂട്ട് താർപാർക്കർ

താർപാർക്കർ എന്നയിനം പശുവിനെ ഉപയോഗിച്ചുള്ള ജൈവവള കൃഷിയാണ് ഇവർ നടത്തുന്നത്. ഈ പശുവിൻെറ ചാണകവും ചില പഴങ്ങളും ചേർത്ത് തയ്യാറാക്കുന്ന ജീവാമൃതം, ഘനജീവാമൃതം എന്നിവയാണ് വളം. പാകിസ്താനിലെ സിന്ധ് പ്രവിശ്യയാണ് ഇതിൻെറ ജന്മസ്ഥലം. താർ മരുഭൂമിയിൽ കൂടുതലായി കാണപ്പെടുന്നതുകൊണ്ടാണ് ഇവയെ താർപാർക്കർ എന്നുവിളിക്കുന്നത്. ചൂടിനെ അതിജീവിക്കാൻ പ്രത്യേക കഴിവുള്ള ഇനമാണിത്. സാധാരണ കൃഷിയിൽ വളപ്രയോഗത്തിന് ഏക്കറിന് 1000 രൂപ ചെലവുവരുമ്പോൾ ജൈവ കൃഷിയിൽ 50 രൂപ മാത്രമേ ചെലവുവരൂ.